ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാരെ കണ്ടെത്തി നിയമമനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അക്രമ സംഭവങ്ങൾ

53 [3749] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കരചരണങ്ങൾ ഛേദിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇതിൽപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം (31-8-2004 മുതൽ) ഇത്തരം 5 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) രാഷ്ട്രീയബന്ധം ഇല്ല.

മയക്കുമരുന്നു കേസുകൾ

54 [3750] *ശ്രീ. ബി. വിജയകുമാർ:*

„ *ലൂഡി ലൂയിസ്:*

„ *എം. എം. ഹസ്സൻ:*

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്ത് കണ്ടുപിടിക്കപ്പെട്ട മയക്കുമരുന്നു കേസുകളിൽ 31-12-2004 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്യാതെയുണ്ട്;

(ബി) രജിസ്റ്റർ ചെയ്തവയിൽ എത്രയെണ്ണം ചാർജ് ചെയ്തു;

(സി) എത്രയെണ്ണത്തിന് കുറ്റപത്രം കൊടുത്തു; എത്രയെണ്ണം ശിക്ഷിക്കപ്പെട്ടു;

(ഡി) മയക്കുമരുന്നു കേസുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണ്ടുപിടിക്കപ്പെട്ട മയക്കുമരുന്നു കേസുകൾ എല്ലാം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 1965 എണ്ണം ചാർജ് ചെയ്തു.

(സി) 1965 കേസുകൾക്ക് കുറ്റപത്രം കൊടുത്തു. 688 എണ്ണം ശിക്ഷിക്കപ്പെട്ടു.

(ഡി) കാലതാമസം ഒഴിവാക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നെടുംപന പഞ്ചായത്തിലെ ചാലക്കരയിൽ ദളിതർക്കെതിരെയുള്ള കേസ്

55 [3751] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുംപന പഞ്ചായത്തിലെ ചാലക്കരയിൽ ദളിത് വിഭാഗത്തിൽപ്പെട്ടവരെ ആക്രമിക്കുകയും അതിൽ ഒരാളുടെ കണ്ണിന് ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്ത കേസ്സിൽ ചാത്തന്നൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ നിരുത്തരവാദപരമായി പെരുമാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിൽ പോലീസ് ദളിതർക്കെതിരെ കേസെടുത്ത് പീഡിപ്പിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 17-8-2004-ൽ നെടുംപന ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ കോൺഫറൻസ് ഹാളിൽ കൂടിയ ഔദ്യോഗിക കോൺഫറൻസ് തടസ്സപ്പെടുത്തിയതിന് ബി. ജെ. പി.ക്കാരായ 25 പേർക്കെതിരെ 17-8-2004-ൽ ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 278/04 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ബഹു. കോടതി മുൻപാകെ ചാർജ്ജ് ഷീറ്റ് ഹാജരാക്കിയിട്ടുള്ളതാണ്. പ്രസ്തുത കേസിൽ പോലീസ് ദളിതരെ പീഡിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൂരാച്ചുണ്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ

56 [3752] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് പോലീസ് നിരപരാധികളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 97/04, 98/04 എന്നീ കേസ്സുകൾ പുനരന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly